"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച നടപടി സാധൂകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1411/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/07/2021

---

പരാമർശം:-

1. സ.ഉ.(പി) നം.28/2016/ധന തീയ്യതി. 26/02/2016
2. സ.ഉ.(പി)നം.56/2017/ധന തീയ്യതി. 28/04/2017
3. സ.ഉ.(പി)നം.112/2018/ധന തീയ്യതി. 21/07/2018
4. സ.ഉ.(പി)നം.81/2019/ധന തീയതി 09/07/2019
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 22/12/2020-ലെ എ1/1439/2020/ഒബിഡിഎൻ നമ്പർ നടപടി ക്രമം.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ 22/12/2020 -ലെ എ1/2920/2017/ഒബിഡിഎൻ നമ്പർ കത്ത്.
7. സ.ഉ.(പി)നം.29/2021/ധന തീയതി 11/02/2021

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിന്റെ പ്രവർത്തനം തടസ്സപ്പെടാതിരിക്കുന്നതിനും പരാതി ഫയൽ ചെയ്യുന്ന പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും കോർട്ട് സെക്ഷനുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള പരാതികളുടെ തുടർ നടപടികളിൽ കാലതാമസം വരാതിരിക്കുന്നതിനുമായി താഴെപ്പറയുന്ന ജീവനക്കാരെ പരാമർശം 4-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 5-ലെ നടപടിക്രമം പ്രകാരം 22.12.2020 മുതൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ട് ഉത്തരവായി.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. യമുനാ പി. സുധാകർ | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-II |
| 2 | ശ്രീമതി. രമ ബി. | കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് - II |
| 3 | ശ്രീ. വിനീഷ് പി.വി. | ഡ്രൈവർ ഗ്രേഡ് -II |
| 4 | ശ്രീ.ഇ. നാസർ | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -II |
| 5 | ശ്രീ.ഷാജിമോൻ എസ്. | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -II |
| 6 | ശ്രീ.വിനോദ്കുമാർ എസ്.എസ്. | ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് -II |

2) മേൽ പരാമർശിച്ച ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ

നിയമിച്ചിട്ട് 90 ദിവസം പൂർത്തിയായതായും ശ്രീ. ജസ്റ്റിസ് പി.എസ്.ഗോപിനാഥൻ 26.03.2021 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാനായി ചുമതലയേൽക്കുകയും മേൽ ജീവനക്കാരെ തൽക്കാലത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ തന്നെ തുടരുന്നതിന് ബഹു. ഓംബുഡ്സ്മാൻ നിർദ്ദേശിച്ചതായും ആകയാൽ ടി ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 22.03.2021 മുതൽ 90 ദിവസത്തേക്ക് കൂടി തുടരുന്നതിനുള്ള അനുമതി നൽകണമെന്ന് ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറി പരാമർശം 6 പ്രകാരം അപേക്ഷിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിയന്തിര സാഹചര്യം കണക്കിലെടുത്തുകൊണ്ട് പരാമർശം 4 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിൽ 6 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച ഓംബുഡ്സ്മാൻ കാര്യാലയം സെക്രട്ടറിയുടെ നടപടി സാധൂകരിച്ചു കൊണ്ട് ഉത്തരവാകുന്നു.

4) പരാമർശം 1,2,3,4,7-ലെ വ്യവസ്ഥകൾക്ക് വിധേയമായി, ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരുവിധ അവകാശവാദവും ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും വാങ്ങിയതിനുശേഷം മാത്രം പ്രസ്തുത ഉത്തരവുകളിൽ അതത് കാറ്റഗറിക്ക് നിശ്ചയിച്ചിരിക്കുന്ന വേതനം അനുവദിച്ചു കൊണ്ട് 22.03.2021 മുതൽ 90 ദിവസത്തേക്ക് കൂടി ഓംബുഡ്സ്മാൻ കാര്യാലയത്തിൽ തുടരുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. പ്രസ്തുത കാലാവധിക്ക് ശേഷം ടി ജീവനക്കാരുടെ സേവനം അവസാനിപ്പിക്കേണ്ടതാണെന്നും, തുടർന്നും സേവനം ആവശ്യമുള്ള പക്ഷം സർക്കാരിൽ നിന്നും മുൻകൂർ അനുമതിയോടെ മാത്രം പുതിയ താല്ക്കാലിക നിയമനങ്ങൾ നടത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (DEV-5/60/2021-FIN തീയതി 30/06/2021 )

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി